# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4242 — 28.06.2012 - ൽ മറുപടിക്ക്

## സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളെ പരിശീലിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയിഡഡ് പദവി യിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | സർക്കാർ കണക്കനുസരിച്ച് എത്ര കുട്ടികളാണ് ഈ വർഷം അംഗീകൃത സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്നത്; | (ബി) | ഏകദേശം 15,000 കുട്ടികളാണ് പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച സ്കൂളുകളിൽ പഠിക്കുന്നത്. |
| (സി) | സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും ശമ്പള സ്കെയിൽ അനുവദിച്ച് നൽകിയിട്ടില്ല. നിശ്ചിത നിരക്കിലുള്ള ഓണറേറിയമാണ് നൽകി വരുന്നത്. ഓണറേറിയം വർദ്ധിപ്പിക്കുന്ന തിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | സ്പെഷ്യൽ സ്കൂളുകൾ എന്ന വിഭാഗങ്ങളിൽ ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സ്കൂളുകളെ ക്കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ഡി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ പ്രവർത്തി-ക്കുന്നില്ല. ഉള്ളവയെല്ലാം സ്വകാര്യ മേഖലയിലാണുള്ളത്. സർക്കാർ/ എയ്ഡഡ് മേഖലയിലല്ലാത്ത സ്കൂളുകളെ സ്പെഷ്യൽ സ്കൂളുകളായി പരിഗണിക്കാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (ഇ) | സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിയിരിക്കുന്ന ഗ്രാന്റ് ഒരു കുട്ടിക്ക് എത്ര രൂപയാണ്; ഈ സർക്കാർ വന്നശേഷം ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ഇ) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ഉണ്ട്. എന്നാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിച്ചു വരുന്ന സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കുന്നില്ല. ഒരു കുട്ടിക്ക് നിശ്ചിത തുക എന്ന നിരക്കിൽ ധനസഹായം നൽകുന്നില്ല. സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കുട്ടികളുടേയും യോഗ്യതയുള്ള അദ്ധ്യാപകരുടേയും എണ്ണത്തിന് ആനുപാതികമായിട്ടാണ് ധനസഹായം അനുവദിക്കുന്നത്. |
| (എഫ്) | തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വഴി ഉൽപ്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണി സർക്കാർ തലത്തിൽ സംഘടിപ്പിക്കുമോ? | (എഫ്) | ഇക്കാര്യം ഇപ്പോൾ പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ.